ഉത്തരം

(എ&ബി) സൈബർ ഫോറൻസിക് & ഡിജിറ്റൽ അനാലിസിസ് സെല്ലിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ സൈബർ കേസ്സുകളുടെ പരിശോധനയും നടന്നുവരുന്നു. സ്വയംഭരണ സ്ഥാപനമായ CDAC -നെ പദ്ധതി നടത്തിപ്പ് ചുമതല നൽകി 1.68 കോടി രൂപ നേരിട്ട് ഗ്രാന്റ് നൽകിയിട്ടുണ്ട്.

(സി) കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സൈബർ കുറ്റാന്വേഷണത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിൽ കൂടുതൽ വിദ്യാലയങ്ങൾ

17 (1481) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിൽ അടുത്ത വർഷം കൂടുതൽ വിദ്യാലയങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാലയങ്ങൾ അപേക്ഷ നൽകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

'ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതി

18 (1483) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കോഴിക്കോട് നഗരപരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട 10 ഹൈസ്കൂൾ/ ഹയർസെക്കന്ററി സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി

19 (1484) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly